


വായനാമുറി

●

എൻ.എം
ഹുസൈൻ

# കുടുംബം
## പാശ്ചാത്യർ പശ്ചാത്തപിക്കുന്നു




**കുടുംബത്തിൽ കഴിയുന്ന കുട്ടികളാണ് കുടുംബ സംരക്ഷണമില്ലാതെ കഴിയുന്ന കുട്ടികളേക്കാൾ കൂടുതൽ സുരക്ഷിതരെന്നും ഈ കണക്കുകൾ വെളിപ്പെടുത്തുന്നു. കുടുംബങ്ങളിൽ വളരുന്ന കുട്ടികളെ അപേക്ഷിച്ച് വിവാഹിതരല്ലാത്ത അമ്മമാരുടെ കുട്ടികൾ 6 മുതൽ 30 ഇരട്ടി വരെ പീഡനവിധേയമാകാൻ സാധ്യതയുണ്ടെന്നാണ് പാട്രിക് ഫാകന്റെ വിശകലനങ്ങൾ വെളിപ്പെടുത്തിയത്. ഇത്തരം യാഥാർഥ്യങ്ങൾ മനസ്സിലാക്കി കുടുംബങ്ങളിലേക്ക് മടങ്ങാനുള്ള ആഹ്വാനം പാശ്ചാത്യലോകത്ത് വർധിച്ചുവരികയാണ്.**

**ഓരോ** സംസ്കാരങ്ങൾക്കും അവയുടേതായ പ്രത്യേകതകൾ കാണാം. പാശ്ചാത്യ സംസ്കാരത്തിനും അതിന്റേതായ സ്വഭാവങ്ങളുണ്ട്. ഒരു പ്രമുഖ വിശേഷതയാണ് കുടുംബത്തകർച്ച. പാശ്ചാത്യർ 'സാംസ്കാരിക'മായി ഏറ്റവും ഉയരത്തിലെത്തുമ്പോൾ കുടുംബത്തകർച്ച പാരമ്യത്തിലെത്തും. എന്നാൽ മറ്റു സംസ്കാരങ്ങളെ സംബന്ധിച്ചേടത്തോളം കുടുംബം ഏറ്റവും ഭദ്രമാകുമ്പോഴാണ് സംസ്കാരം തന്നെ പ്രബലമാകുന്നത്.

ആധുനികമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കാഴ്ചപ്പാടുകളുടെ വരവോടെയാണ് പാശ്ചാത്യർക്കിടയിൽ കുടുംബത്തകർച്ചയാരംഭിക്കുന്നത്. കുടുംബത്തെ തള്ളിപ്പറയാനും കുടുംബവിരുദ്ധമായ സങ്കൽപങ്ങളെ (ആണും ആണും തമ്മിലുള്ള 'വിവാഹം' എന്ന ഗെയിസം, പെണ്ണും പെണ്ണും തമ്മിലുള്ള 'വിവാഹം' എന്ന ലെസ്ബിയനിസം, വിവാഹം കഴിച്ചു എന്ന് പറയുന്നത് ആധുനികമല്ലാത്ത പഴഞ്ചൻ ഏർപ്പാടാകുമോ എന്ന ആശങ്കയിൽ ആണും പെണ്ണും കല്യാണം കഴിക്കാതെ 'കോഹാബിറ്റ്' ചെയ്ത് ജീവിക്കുന്നത് തുടങ്ങിയവ) ന്യായീകരിക്കാനും ശാസ്ത്രത്തെയും തത്ത്വശാസ്ത്രത്തെയും മറ്റെല്ലാ വിജ്ഞാനശാഖകളെയും വളച്ചൊടിച്ചവരാണ് പാശ്ചാത്യ ഗവേഷകർ. ദുർവ്യാഖ്യാനത്തിലൂടെ മാത്രമല്ല തട്ടിപ്പുകളിലൂടെ ഗവേഷണഫലങ്ങൾ കെട്ടിയുണ്ടാക്കിയവരും കുറവല്ല. ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ന് പാശ്ചാത്യ ലോകത്ത് കാറ്റ് എതിർ ദിശയിലേക്ക് നീങ്ങിത്തുടങ്ങിയിട്ടുണ്ട്. ഇക്കാലമത്രയും ശാസ്ത്രത്തിന്റെ പേരിൽ കുടുംബസങ്കൽപത്തിനെതിരെ നിരത്തിയ ന്യായങ്ങൾ പൊള്ളയായിരുന്നുവെന്നും യഥാർഥ അന്വേഷണങ്ങൾ കുടുംബത്തിന്റെ അനിവാര്യതയിലേക്ക് വിരൽചൂണ്ടുകയാണെന്നും ഇന്നത്തെ വലിയൊരു വിഭാഗം ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. ഈ മേഖലയിലേക്ക് വെളിച്ചം വീശുന്ന ധാരാളം പഠനങ്ങൾ കഴിഞ്ഞ ഏതാനും ദശകങ്ങളായി പാശ്ചാത്യ സംസ്കാരത്തിന്റെ പോറ്റില്ലമായ അമേരിക്കയിൽനിന്നുതന്നെ ഇറങ്ങിയിട്ടുണ്ട്. അടുത്തിറങ്ങിയ ഒരു കൃതിയാണ് ഡോ. ആനി പിയേഴ്സിന്റെ 'തീരത്തണയാത്ത കപ്പലുകൾ' (Ships Without A Shore). അമേരിക്കയിലെ വളർച്ച മുരടിച്ച കുട്ടികളെപ്പറ്റിയാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. കുടുംബം തകർന്ന സമൂഹത്തിൽ നിന്നുണ്ടാകുന്ന പുതിയ തലമുറക്ക് വളരാൻ കഴിയുന്നതെങ്ങനെ?

പാശ്ചാത്യേതരമായ എല്ലാ സംസ്കാരങ്ങൾക്കും ഈ സാമാന്യ വസ്തുത അറിയാം. പ്രാചീന മനുഷ്യർക്കു പോലും ഇക്കാര്യം അറിയാമായിരുന്നു. അവർക്ക് വിമാനം പറത്താനോ ആണവായുധമുണ്ടാക്കാനോ അറിയില്ലായിരുന്നു. എന്നാൽ

കുടുംബമില്ലാതെ ജീവിതം അസാധ്യമാണെന്ന് അവരും മനസ്സിലാക്കിയിരുന്നു. പാശ്ചാത്യരുടെ സ്ഥിതിയോ? വിമാനം പറത്താനും ആണവായുധം നിർമിക്കാനും വിവരം നേടിയ അവർക്ക് കുടുംബമില്ലാതെ സമൂഹം നിലനിൽക്കില്ലെന്ന സാമാന്യ വിവരം പോലും ഇല്ല എന്നതാണ് യാഥാർഥ്യം. സമൂഹം തകർച്ചയിലേക്ക് നീങ്ങിയപ്പോഴാണ് അവർ കണ്ണു തുറക്കാൻ തുടങ്ങുന്നത്. കുടുംബമില്ലാതെ സമൂഹമില്ല എന്ന ബാലപാഠം ഇപ്പോഴവർക്ക് ഗ്രാഹ്യമായിവരുന്നു. സാമൂഹികശാസ്ത്രജ്ഞരും മനശ്ശാസ്ത്രജ്ഞരും ഈ ഉദ്ബോധനവുമായി രംഗത്ത് എത്തിത്തുടങ്ങിയിട്ടുണ്ട്. മനുഷ്യനെയും സമൂഹത്തെയും കുറിച്ച് പാശ്ചാത്യർക്ക് ഉണ്ടായിരുന്നത് മിഥ്യാധാരണകളാണെന്നും യഥാർഥ അറിവിന്റെ ബാലപാഠങ്ങൾ ഇപ്പോഴേ അവർ മനസ്സിലാക്കി തുടങ്ങിയിട്ടുള്ളൂവെന്നും ഇതിൽനിന്നും വ്യക്തമാണ്.

ആനി പിയേഴ്സിന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞ ഒരു മേഖലയാണ് ശിശുവിദ്യാഭ്യാസം. കുഞ്ഞുങ്ങൾ പാശ്ചാത്യ സംസ്കാരത്താൽ എങ്ങനെ അനാഥരാക്കപ്പെട്ടുവെന്ന് അവരന്വേഷിക്കുന്നു. ഒരു കുഞ്ഞ് പിറന്നാൽ കരച്ചിലുയർത്തി എല്ലാവരുടെയും ശ്രദ്ധ അതാകർഷിക്കുന്നു. മാതാവിന്റെ ഓരംചേർന്ന് കിടക്കാനാണ് കുഞ്ഞിന്റെ ശ്രമം. മാതാവ് അകന്നാൽ കുഞ്ഞിന് സഹിക്കാനാവില്ല. പിതാവിന്റെയും ബന്ധുക്കളുടെയും സ്നേഹലാളനകൾക്ക് കുഞ്ഞ് ദാഹിക്കുന്നു. അവരുടെ സാന്നിധ്യം കുഞ്ഞിനെ സന്തോഷിപ്പിക്കുന്നു. അവരുടെ അകൽച്ച അതിനെ ദുഃഖിപ്പിക്കുന്നു. പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തം കാലിൽ നിൽക്കാനുള്ള വ്യക്തിത്വമാർജിക്കുന്നതുവരെയോ (ബാല്യത്തിലും കൗമാരത്തിലും) മാതാപിതാക്കളുടെയും ബന്ധുജനങ്ങളുടെയും പരിലാളനകൾ അനുഭവിക്കാൻ കൊതിക്കുന്നവനായാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതിനെയെല്ലാം തകർക്കുന്ന ജീവിതരീതികളാണ് പുരോഗതിയുടെയും വികസനത്തിന്റെയും പേരിൽ പാശ്ചാത്യ ലോകത്ത് വളർന്നത്. കേരളത്തിലെ നഗരങ്ങളിലെയും ഏറെക്കുറെ ഗ്രാമങ്ങളിലെയും തെരുവോരങ്ങളിൽ രാവിലെ മുതൽ സ്കൂൾ വാഹനങ്ങൾ കാത്തു നിൽക്കുന്ന കുട്ടികളെ നോക്കൂ. താങ്ങാനാവാത്ത ഭാരവും വഹിച്ച് കുടുംബത്തിൽ നിന്ന് സൂര്യോദയം മുതൽ അസ്തമയം വരെ വിട്ടുനിൽക്കുന്ന ഈ കുട്ടികൾ യഥാർഥത്തിൽ അനുഭവിക്കുന്ന മാനസിക ആഘാതങ്ങൾ അളക്കാവുന്നതിലപ്പുറമാണ്. ഇവരുടെ ഭാവി ശോഭനമല്ലെന്നും മാനസികമായും ശാരീരികമായും ക്ഷയിച്ച തലമുറയായിരിക്കും ഇതുവഴിയുണ്ടാവുകയെന്നും അമേരിക്കയിലെ നിരവധി മനശ്ശാസ്ത്രജ്ഞരും വിദ്യാഭ്യാസ വിചക്ഷണരും മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. ഇവരുടെ ഗവേഷണഫലങ്ങൾ ആനി പിയേഴ്സിന്റെ കൃതിയിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

വ്യവസായ സംസ്കാരത്തിന്റെ വളർച്ചയോടെ അതിനെ നിലനിർത്താൻ വേണ്ട ആശയങ്ങളും സങ്കൽപങ്ങളും കൂടി ഉൽപാദിപ്പിക്കപ്പെട്ടു. നെയ്ത്തു യന്ത്രങ്ങളിലൂടെ തുണികളും മില്ലുകളിലൂടെ ധാന്യപ്പൊടികളും പുറത്തുവന്നപോലെ വ്യവസായികളുടെ ആശ്രിതരായി മാറിയ ആധുനിക പണ്ഡിതന്മാർ (ഭൗതിക ശാസ്ത്രജ്ഞർ, സാമൂഹിക ശാസ്ത്രജ്ഞർ, വിദ്യാഭ്യാസ വിചക്ഷണർ തുടങ്ങി തത്ത്വചിന്തകർ വരെയുള്ളവർ) പുതിയ യജമാനന്മാർക്ക് വേണ്ട ആശയങ്ങളും നിർമിക്കാൻ തുടങ്ങി. ആഡം സ്മിത്തിന്റെ 'വെൽത്ത് ഓഫ് നാഷൻസ്' മുതൽ ഫ്രാൻസിസ് ഫുക്കുയാമയുടെ 'എൻഡ് ഓഫ് ദി ഹിസ്റ്ററി' വരെയുണ്ടാകുന്നതിന്റെ രസതന്ത്രം മറ്റൊന്നല്ല.

സ്ത്രീകളെ കുടുംബത്തിൽനിന്ന് പുറത്തുചാടിച്ചതോടെ തകർച്ചക്ക് നാന്ദി കുറിക്കപ്പെട്ടു. പലരും തെറ്റിദ്ധരിച്ചപോലെ സ്വാതന്ത്ര്യത്തിനു വേണ്ടി സ്ത്രീകൾ വീടുവിട്ട് ഇറങ്ങുകയായിരുന്നില്ല. സ്ത്രീസ്വാതന്ത്ര്യമെന്നത് വീട് വിട്ട് പണിശാലകളിലേക്ക് പോകലാണെന്ന് വരുത്തിത്തീർത്തത് വ്യവസായികളായിരുന്നു. പുരുഷന്മാരേക്കാൾ കൂലിനിരക്ക് കുറഞ്ഞ സ്ത്രീതൊഴിലാളികളെ പണിശാലകളിൽ കുടിയിരുത്തിയാൽ ലാഭം വർധിക്കുമെന്നതായിരുന്നു കാരണം. കൂലി കുറഞ്ഞ അധ്വാനം (cheep labour) വ്യവസായികളുടെ താൽപര്യമായിരുന്നു. ലാഭക്കൊതിയന്മാരായ മുതലാളികളുടെ വഞ്ചനാത്മകമായ മുദ്രാവാക്യങ്ങൾ സ്ത്രീകളുടെ പുരോഗതിക്കുവേണ്ടിയാണെന്ന് സ്ത്രീകളിൽതന്നെ പലരും ധരിച്ചുവശായി എന്നു മാത്രം. ഫെമിനിസം, സ്ത്രീസ്വാതന്ത്ര്യം തുടങ്ങിയ പേരുകളിൽ ഇന്നുയർത്തപ്പെടുന്ന പദ്ധതികളും സിദ്ധാന്തങ്ങളും വ്യവസായിക മുതലാളിത്തത്തിന്റെ സമകാലീന രൂപമായ ആഗോളവത്കരണത്തിന്റെ ഉപായങ്ങളാണെന്നതാണ് യാഥാർഥ്യം. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പേരിൽ പ്രചരിപ്പിക്കപ്പെടുന്ന ആശയങ്ങൾ മാത്രമല്ല, സ്ത്രീകളെ ലക്ഷ്യംവെച്ച് വിപണിയിലിറങ്ങുന്ന ഓരോ ഉൽപന്നവും അവരെ വഞ്ചിക്കാനും ലാഭം കൊയ്യാനുമുള്ള തട്ടിപ്പുകൾ മാത്രമാണ്. താരതമ്യേന നിസ്സാരമെന്ന് കരുതാവുന്ന ഹൈഹീൽ ചെരിപ്പുകളുടെ കാര്യമെടുക്കുക.

മറ്റു ചെരിപ്പുകളെ അപേക്ഷിച്ച് ശാരീരികമായ എന്തെങ്കിലും പ്രയോജനങ്ങൾ ഹൈഹീൽ ചെരിപ്പുകൾക്കില്ലെന്നതിരിക്കട്ടെ, അവ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ് താനും. ഇത് ധരിക്കുമ്പോൾ തന്നെ ശാരീരിക സൗഖ്യമല്ല അസ്വസ്ഥതയാണ് ഉണ്ടാകുന്നത്. മനുഷ്യന്റെ പാദങ്ങൾ പ്രതലത്തിൽ സമാന്തരമായി ഊന്നിനടക്കാൻ പാകത്തിൽ ആസൂത്രണം ചെയ്യപ്പെട്ടവയാണ്. അരിസോണയിലെ പ്രമുഖ കാൽവിദഗ്ധ (podiatrist) ചിയാർലി പറയുന്നത് ഹൈഹീൽ ഷൂ വഴിയുണ്ടാകുന്ന കാലിന്റെ വളവ് ശരിയായ പൊസിഷൻ അല്ല എന്നാണ്. 'അമേരിക്കൻ പോഡിയാട്രിക് മെഡിക്കൽ അസോസിയേഷൻ' എന്ന കാൽവിദഗ്ധരുടെ ഔദ്യോഗിക




**വിവാഹം കഴിച്ചു എന്നു പറയാൻ ലജ്ജയുള്ളതിനാലും കുഞ്ഞുങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ധൈര്യമില്ലാത്തതുകൊണ്ടും വിവാഹം കഴിക്കാതെ ഒരുമിച്ച് ജീവിക്കുന്നവരും നമ്മുടെ നാട്ടിൽ കാണാം. ധൈഷണികവികാസത്തിന്റെ പരകോടിയിൽ എത്തിയവരാണ് ഇവരെന്ന് ഇവരെപ്പോലെ മറ്റുള്ളവരും തെറ്റിദ്ധരിക്കുന്നു. യഥാർഥത്തിൽ മനുഷ്യനെയോ സമൂഹത്തെയോ കുറിച്ച് ഏറ്റവും മൂഢധാരണകളാണ് ഇവർക്കുള്ളത്. ഇത്തരം അപഭ്രംശങ്ങൾ വൻതോതിൽ നടമാടിയ പാശ്ചാത്യനാടുകളിൽ എന്തുണ്ടായെന്നതിനെപ്പറ്റി ഏറെക്കുറെ അജ്ഞരാണിവർ.**

സംഘടന ഹൈഹീൽ ചെരിപ്പുകൾ 'biomechanically and orthopaedically unsound' ആണെന്നാണ് അഭിപ്രായപ്പെട്ടത്. പാദക്ഷതം മുതൽ നടുവേദന വരെയുള്ള നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് ഇവ കാരണമാകുന്നുണ്ട്.

അമേരിക്കയിലെ പോഡിയാട്രിക് ഡോക്ടർമാരുടെ സംഘടന വിശദമായ പഠനം ഇതു സംബന്ധമായി നടത്തുകയുണ്ടായി. ഇപ്പോൾ 39 ശതമാനം സ്ത്രീകൾ ഇത്തരം ചെരിപ്പുകൾ ധരിക്കുന്നവരാണത്രെ (എന്നാൽ 1986ൽ 60 ശതമാനം സ്ത്രീകൾ ഇവ ധരിച്ചിരുന്നു. നമ്മുടെ നാട്ടിൽ സ്ഥിതി മറിച്ചായിരിക്കും. അമേരിക്കയിൽ വിഴുപ്പായി മാറിയവ ഇവിടെ ചൂടപ്പം പോലെ വിൽക്കപ്പെടും!). ഹൈഹീൽ ഷൂ ധരിക്കുന്നവരിൽ 73 ശതമാനം പേർക്ക് കാലിന് പ്രശ്നങ്ങളുള്ളതായും അവരുടെ പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്.

1998-ൽ തന്നെ ഹാവാഡ് സർവകലാശാലയിലെ ഡോക്ടർമാർക്ക് ഇക്കാര്യം മനസ്സിലാക്കാൻ സാധിച്ചിരുന്നു. മുട്ടുകാലിന്റെ അസ്ഥികൾ ദ്രവിക്കുന്ന (knee osteoarthritis) രോഗത്തിന് ഇവ കാരണമാകുന്നതായി ഡോ. കാസി കെരിഗന്റെ നേതൃത്വത്തിലുള്ള സംഘം കണ്ടെത്തുകയുണ്ടായി (ലോക പ്രശസ്ത വൈദ്യശാസ്ത്ര പ്രസിദ്ധീകരണമായ *ലാൻസെറ്റി*ലും (2001 ഏപ്രിൽ 7) ഇതു സംബന്ധമായ വിശദമായൊരു പഠനം വരികയുണ്ടായി).

ഇതൊക്കെയാണ് യാഥാർഥ്യമെങ്കിലും ഹൈഹീലുകൾ സ്ത്രീകളിൽ വലിയൊരു വിഭാഗത്തിന്റെ ഇഷ്ട ഉൽപന്നമാണ്. കാരണം മറ്റൊന്നാണ്. പുരുഷന്മാരിൽ ലൈംഗികവികാരങ്ങളുണർത്തും വിധം സ്ത്രീകൾ നടക്കണമെന്നത് കുടിലബുദ്ധികളായ പുരുഷന്മാരുടെ ആവശ്യമായിരുന്നു. അതിനു പറ്റിയവിധത്തിൽ ഹൈഹീൽ ചെരിപ്പുകൾ വിപണിയിലിറക്കിയതും പുരുഷന്മാരാണ്. പക്ഷേ, ഫാഷന്റെ ഭാഗമായും ശാരീരിക സൗന്ദര്യത്തിന്റെ ലക്ഷണമായും ഈ ചെരിപ്പുകളെ പരിചയപ്പെടുത്തുന്ന വൻ പ്രചാരണങ്ങളും പരസ്യങ്ങളും അഴിച്ചുവിട്ടുകൊണ്ടാണ് വിപണിയിൽ ഇവയെ ഹാജറാക്കിയത്. പരസ്യങ്ങളിൽ നിന്നു മാത്രം ഉൽപന്നങ്ങളെപ്പറ്റി വിവരമുണ്ടാക്കാൻ ശീലിച്ച ആധുനികസ്ത്രീ ഹൈഹീലുകളുടെ പിന്നാലെ പായാൻ തുടങ്ങി!

ഇത്തരം നെട്ടോട്ടങ്ങൾ പാശ്ചാത്യലോകത്ത് അസ്തമയത്തിന് തയാറെടുക്കുകയാണ്. വളരെ പ്രമുഖരായ പാശ്ചാത്യ ഫെമിനിസ്റ്റുകൾ അവരുടെ ധാരണകൾ അബദ്ധമായിരുന്നുവെന്ന് പ്രഖ്യാപിച്ചുകഴിഞ്ഞു. റാഡിക്കൽ ഫെമിനിസ്റ്റുകൾക്കിടയിലെ സൈദ്ധാന്തികയായ പ്രഫ. ഷീല ജഫ്രീസ് ഉദാഹരണം (ഇവരുടെ വീക്ഷണമാറ്റത്തിലേക്ക് കടക്കുന്നില്ല, ഹൈഹീലുകളെപ്പറ്റിയുള്ള അഭിപ്രായമാണ് ഇവിടെ പരിഗണിക്കുന്നത്). സ്ത്രീകളുടെ ചെരിപ്പുകൾ പീഡനത്തിനുള്ള ഉപകരണങ്ങളായി മാറിക്കൊണ്ടിരിക്കുന്നുവെന്ന് പ്രഫ. ജെഫ്രീസ് വ്യക്തമാക്കുന്നു. പാശ്ചാത്യലോകത്ത് കാണുന്നത് സൗന്ദര്യമല്ലെന്നും മൃഗീയ സൗന്ദര്യമാണെന്നും അവർ *ഗാർഡിയൻ* പത്രത്തിനു നൽകിയ അഭിമുഖത്തിൽ (2005 ജൂലൈ 2) തുറന്നടിച്ചു. *ഗാർഡിയൻ* ഈ അഭിമുഖത്തിനു നൽകിയ ശീർഷകമെന്തെന്നോ?- 'സൗന്ദര്യത്തിന്റെ വൈരൂപ്യം!' ലൈംഗികത ഉപകരണമാക്കി പാശ്ചാത്യ പുരുഷന്മാർ സ്ത്രീകളെ ചൂഷണം ചെയ്തതെങ്ങനെയെന്ന് അന്വേഷിക്കുന്ന കൃതിയാണ് പ്രഫ. ജഫ്രീസിന്റേതായി ഒടുവിലിറങ്ങിയത് (അഞ്ചു കൃതികൾ വേറെയുണ്ട്). മെയ്ക്കപ്പ് മുതൽ സ്തന ശസ്ത്രക്രിയവരെയുള്ള സകല പാശ്ചാത്യ ഭ്രമങ്ങളും സ്ത്രീകളെ വിമോചിപ്പിക്കുകയല്ല ദ്രോഹിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് ഇവർ സമർഥിക്കുന്നു.

കുടുംബത്തകർച്ച വ്യാപിച്ച ശേഷം എന്തുണ്ടായി? സ്ത്രീ സ്വതന്ത്രയായോ? കുഞ്ഞുങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചോ? അവർ കൂടുതൽ വളർച്ച കൈവരിച്ചോ? ഇല്ലെന്ന് കൃത്യമായും തെളിയിക്കുന്ന കണക്കുകൾ ഇന്നുണ്ട്. അമേരിക്കൻ ഗവൺമെന്റ് 'ഡിപ്പാർട്ടുമെന്റ് ഓഫ് ജസ്റ്റിസ്' വഴി 1973 മുതൽ 1999 വരെ ശേഖരിച്ച കുടുംബത്തെക്കുറിച്ചുള്ള വിവരങ്ങൾ പരിശോധിക്കുക. കുടുംബങ്ങൾക്കകത്ത് ജീവിച്ച സ്ത്രീകളേക്കാൾ പീഡനങ്ങൾ ഏൽക്കേണ്ടിവന്നത് കുടുംബങ്ങൾക്ക് പുറത്ത് ജീവിച്ച സ്ത്രീകൾക്കാണെന്ന് ഇവയിൽനിന്ന് വ്യക്തമായി. കുടുംബത്തിൽ കഴിയുന്ന കുട്ടികളാണ് കുടുംബ സംരക്ഷണമില്ലാതെ കഴിയുന്ന കുട്ടികളേക്കാൾ കൂടുതൽ സുരക്ഷിതരെന്നും ഈ കണക്കുകൾ വെളിപ്പെടുത്തുന്നു. കുടുംബങ്ങളിൽ വളരുന്ന കുട്ടികളെ അപേക്ഷിച്ച് വിവാഹിതരല്ലാത്ത അമ്മമാരുടെ കുട്ടികൾ 6 മുതൽ 30 ഇരട്ടിവരെ പീഡനവിധേയമാകാൻ സാധ്യതയുണ്ടെന്നാണ് പാട്രിക് ഫാകന്റെ വിശകലനങ്ങൾ വെളിപ്പെടുത്തിയത്. ഇത്തരം യാഥാർഥ്യങ്ങൾ മനസ്സിലാക്കി കുടുംബങ്ങളിലേക്ക് മടങ്ങാനുള്ള ആഹ്വാനം പാശ്ചാത്യലോകത്ത് വർധിച്ചുവരികയാണ്.

നമ്മുടെ നാട്ടിലോ? അമേരിക്കയിൽ മഴ പെയ്യുമ്പോൾ ഇവിടെ കുടപിടിക്കുന്ന ഒരു വിഭാഗം നഗരജീവികൾ ദശകങ്ങൾക്ക് മുമ്പെ ഇവിടെയും രൂപപ്പെട്ടിരുന്നു. നഗര-ഗ്രാമ വ്യത്യാസങ്ങൾ കുറഞ്ഞ കേരളത്തിൽ ഇത്തരക്കാരെ എവിടെയും കാണാം. എന്നാൽ പാശ്ചാത്യലോകത്ത് ഇപ്പോൾ എന്തു നടക്കുന്നുവെന്നതിനെപ്പറ്റി ഇവർക്ക് കാര്യമായ ധാരണയൊന്നുമില്ല. അവിടെ ഇപ്പോഴും മഴ പെയ്യുകയാണെന്ന തെറ്റിദ്ധാരണയിൽ ഇവിടെ ഇപ്പോഴും കുടപിടിച്ച് നടക്കുന്ന ലുമ്പന്മാരായി ഈ പരിഷ്കാരക്കാർ മാറിയിരിക്കുന്നു എന്നതാണ് വസ്തുത. വിവാഹം കഴിച്ചു എന്നു പറയാൻ ലജ്ജയുള്ളതിനാലും കുഞ്ഞുങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള ധൈര്യമില്ലാത്തതുകൊണ്ടും വിവാഹം കഴിക്കാതെ ഒരുമിച്ച് ജീവിക്കുന്നവരും നമ്മുടെ നാട്ടിൽ കാണാം. ധൈഷണികവികാസത്തിന്റെ പരകോടിയിൽ എത്തിയവരാണ് ഇവരെന്ന് ഇവരെപ്പോലെ മറ്റുള്ളവരും തെറ്റിദ്ധരിക്കുന്നു. യഥാർഥത്തിൽ മനുഷ്യനെയോ സമൂഹത്തെയോ കുറിച്ച് ഏറ്റവും മൂഢധാരണകളാണ് ഇവർക്കുള്ളത്. ഇത്തരം അപഭ്രംശങ്ങൾ



*ഡോ. ആനി ആർ. പിയേഴ്സ്*

**പാശ്ചാത്യലോകത്ത് ഇന്ന് വ്യാപകമായി കാണുന്ന സകല സാമൂഹികശാപങ്ങൾക്കും വലിയൊരു പരിധിവരെ കാരണം കുടുംബത്തകർച്ചയാണ്. മയക്കുമരുന്ന് ഉപയോഗത്തിന്റെ വളർച്ച, മദ്യപാനം, വിദ്യാഭ്യാസപ്രതിസന്ധി, ഹൈസ്കൂൾ പ്രായത്തിൽ ഗർഭം ധരിക്കൽ, കുട്ടികൾക്കിടയിലെ കുറ്റവാസന തുടങ്ങിയവയെല്ലാം തകർന്ന കുടുംബങ്ങളിൽ നിന്നുള്ളവരിലാണ് വൻ തോതിൽ കാണുന്നത്.**

വൻതോതിൽ നടമാടിയ പാശ്ചാത്യനാടുകളിൽ എന്തുണ്ടായെന്നതിനെപ്പറ്റി ഏറെക്കുറെ അജ്ഞരാണിവർ. വിവാഹം കഴിച്ച മാതാപിതാക്കളുടെ കുഞ്ഞുങ്ങളാണ് ഏറ്റവും സുരക്ഷിതരെന്നും വിവാഹം കഴിക്കാത്തവരുടെ കുഞ്ഞുങ്ങൾ ഏറ്റവും അരക്ഷിതരാണെന്നും ബ്രിട്ടനിൽ നടന്ന സമഗ്രമായൊരു പഠനം വ്യക്തമാക്കുന്നു (Robert Whelan, Broken Home and Battered Children). ബ്രിട്ടനിലെ പുതിയ തലമുറ പഴയ തലമുറയുടെ 'മണ്ടത്തര'ങ്ങളിൽനിന്ന് പാഠം പഠിച്ച് രക്ഷപ്പെടാനുള്ള ശ്രമത്തിലാണ്. മൂന്നിൽ രണ്ട് കുട്ടികളും വിവാഹം പഴഞ്ചനും ഇന്ന് പ്രസക്തിയില്ലാത്തതുമാണെന്ന പ്രസ്താവനയോട് വിയോജിച്ചുവെന്നാണ് ഒരു സർവെ ഫലം റിപ്പോർട്ട് ചെയ്ത *ടെലഗ്രാഫ്* പത്രം വ്യക്തമാക്കിയത് (2001 ജൂൺ 19). 89 ശതമാനം കുട്ടികൾ ഔപചാരികമായ വിവാഹം വേണമെന്ന പക്ഷക്കാരായിരുന്നു. സ്നേഹത്തിനും സുരക്ഷിതത്വത്തിനും വിവാഹിതരാവണമെന്ന അഭിപ്രായക്കാരായിരുന്നു 60 ശതമാനം പേരെന്നും *ടെലഗ്രാഫ്* വെളിപ്പെടുത്തി.

പാശ്ചാത്യലോകത്ത് ഇന്ന് വ്യാപകമായി കാണുന്ന സകല സാമൂഹികശാപങ്ങൾക്കും വലിയൊരു പരിധിവരെ കാരണം കുടുംബത്തകർച്ചയാണ്. മയക്കുമരുന്ന് ഉപയോഗത്തിന്റെ വളർച്ച, മദ്യപാനം, വിദ്യാഭ്യാസപ്രതിസന്ധി, ഹൈസ്കൂൾ പ്രായത്തിൽ ഗർഭം ധരിക്കൽ, കുട്ടികൾക്കിടയിലെ കുറ്റവാസന തുടങ്ങിയവയെല്ലാം തകർന്ന കുടുംബങ്ങളിൽ നിന്നുള്ളവരിലാണ് വൻ തോതിൽ കാണുന്നത്. ഏതാനും മാസങ്ങൾക്ക് മുമ്പ് *ടെലഗ്രാഫ്* പത്രം (2008 മാർച്ച് 20) മറ്റൊരു റിപ്പോർട്ട് നൽകിയത് ആരെയും അമ്പരപ്പിക്കുന്നതാണ്. ഒന്നാമത്തെ വാചകം നോക്കുക: "പരമ്പരാഗത കുടുംബത്തിന്റെ അന്ത്യം സ്കൂൾ പരാജയം, ദാരിദ്ര്യം, കുറ്റകൃത്യങ്ങൾ എന്നിവയുടേതായ വലയത്തിൽ കുട്ടികളെ എത്തിച്ചിരിക്കുന്നു". വിവാഹിതരാവാത്ത മാതാപിതാക്കളുടെ മക്കൾ പഠിക്കാൻ പോലും ശേഷിയില്ലാത്തവരായി മാറിയിരിക്കുന്നുവത്രെ. ഒരു ലക്ഷത്തി അറുപതിനായിരം അംഗങ്ങളുള്ള സ്കൂൾ-കോളേജ് അധ്യാപകരുടെ അസോസിയേഷൻ വെളിപ്പെടുത്തിയതാണിത്. ചില മാതാക്കൾക്ക് എട്ടു കുട്ടികൾ വരെയുണ്ടെന്നും എന്നാൽ ഇവരെല്ലാം പല പിതാക്കളിൽനിന്നുള്ളവരാണെന്നും ഒരു ടീച്ചർ വ്യക്തമാക്കി. ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സർക്കാർ എത്ര പണം ചെലവഴിച്ചിട്ടും കാര്യമില്ലെന്നാണ് ഈ ടീച്ചർ പറഞ്ഞത്. ഒരു മാതാവിനോ പിതാവിനോ മാത്രമായി (single parent) പിറക്കുന്ന കുട്ടികളുടെ എണ്ണം പത്തു വർഷങ്ങൾക്ക് മുമ്പ് രണ്ടര ലക്ഷമായിരുന്നു ബ്രിട്ടനിൽ. ഇന്നത് ഇരുപതു ലക്ഷമാണത്രെ.

പാശ്ചാത്യ സംസ്കാരത്തിന്റെ പോറ്റില്ലമായ അമേരിക്കയിലും ഈറ്റില്ലമായ ഇംഗ്ലണ്ടിലും ഇന്നു നടക്കുന്ന സാംസ്കാരിക ചർച്ചകളോ ധൈഷണിക സംവാദങ്ങളോ നമ്മുടെ നാട്ടിലെ ബുദ്ധിജീവികൾക്കോ എഴുത്തുകാർക്കോ അറിയില്ലെന്നതാണ് യാഥാർഥ്യം. പത്തും പതിനഞ്ചും വർഷങ്ങൾക്ക് മുമ്പ് പാശ്ചാത്യനാടുകളിൽ പുരോഗമന ചിന്തയായി വാഴ്ത്തപ്പെട്ടത് ചർവിത ചർവണം നടത്തുന്നവരാണ് ഇവിടത്തെ മുഖ്യധാരാബുദ്ധിജീവികൾ. പാശ്ചാത്യലോകത്തുനിന്നും ആട്ടിപ്പായിക്കപ്പെടുന്ന ആശയങ്ങളാണ് വലിയ ദാർശനികവിചാരങ്ങളെന്ന മട്ടിൽ *മാതൃഭൂമി* ആഴ്ചപ്പതിപ്പിലും മറ്റും വന്നുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും കുടുംബത്തെപ്പറ്റിയുള്ള ചർച്ചകളിൽ. *മനോരമ* പ്രസിദ്ധീകരണങ്ങളും ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത് പാശ്ചാത്യ ലോകത്ത് കുറ്റിയറ്റുകൊണ്ടിരിക്കുന്ന പഴയ വിഴുപ്പുകളാണ്. പാശ്ചാത്യലോകത്ത് ഇപ്പോൾ എന്തു നടക്കുന്നു എന്നറിയാൻ മാത്രം ധൈഷണിക ജാഗ്രതയും ഗ്രഹണശേഷിയും ഉള്ളവരല്ല ഇത്തരം പ്രസിദ്ധീകരണങ്ങളുടെ അണിയറ ശിൽപികൾ എന്നതാണ് ഒരു കാരണം. പാശ്ചാത്യ ലോകത്ത് ഇപ്പോൾ എന്തു നടക്കുന്നു എന്നതിനേക്കാൾ കേരളത്തിൽ എന്തിനാണ് വിപണിയുള്ളത് എന്നതാണ് ഇത്തരം സാംസ്കാരിക കൂലിയെഴുത്തുകാരുടെ മുഖ്യ പരിഗണന എന്നത് മറ്റൊരു കാരണമാണ്. അമേരിക്ക ഡീകമ്മീഷൻ ചെയ്യുന്ന യുദ്ധക്കപ്പലുകളും സാങ്കേതികവിദ്യയും വൻവിലയ്ക്ക് ഇന്ത്യൻ ഭരണാധികാരികൾ വാങ്ങുന്നതിന് സമാനമായ പ്രക്രിയയാണിത്. കോളനിവാഴ്ചക്കാരുടെ ആശയങ്ങൾ തലക്ക് ബാധിച്ചതിനാൽ ശരിയും തെറ്റും തിരിച്ചറിയാൻ പോലും സാധിക്കാത്ത, സാംസ്കാരികമായി അന്ധതബാധിച്ചവരാണ് ഇന്നത്തെ രാഷ്ട്രീയ നേതൃത്വം. അമേരിക്കയിലെ ഏറ്റവും പുതിയ സാങ്കേതികവിദ്യയല്ല ഇവർ ഇറക്കുമതി ചെയ്യുന്നത്. ഒരു പതിറ്റാണ്ടിലേറെ പഴക്കമുള്ളതും അവർ ഉപയോഗശൂന്യമെന്ന് കണ്ട് വിറ്റൊഴിവാക്കുന്നതുമായ സാധനങ്ങൾ വാങ്ങിയാണ് ഇന്ത്യൻ പ്രതിരോധമേഖലയെ ആധുനികവത്കരിക്കുന്നത്! ഈ ലുംബൻ രാഷ്ട്രീയബുദ്ധിക്ക് സമാനമായ സാംസ്കാരിക ധൈഷണികത്വമാണ് മുഖ്യധാരാ ബുദ്ധിജീവികൾക്ക്. പാശ്ചാത്യലോകത്തെ പുതിയ തലമുറക്കാരായ ബുദ്ധിജീവികൾ (ഫെമിനിസ്റ്റുകൾ പോലും) കുടുംബങ്ങളിലേക്ക് മടങ്ങണമെന്ന് ആഹ്വാനം ചെയ്യുമ്പോൾ, കേരളത്തിലെ ഫെമിനിസ്റ്റുകളെന്ന് കരുതപ്പെടുന്ന ചിലർ കുടുംബത്തെ തകർക്കുക എന്ന് ആക്രോശിക്കുന്നു. കേരളത്തിലെ പത്രപ്രവർത്തകർ ഇത്തരം ആശയങ്ങൾ പരിഷ്കാരത്തിന്റെ ലക്ഷണങ്ങളാണെന്ന് തെറ്റിദ്ധരിച്ച് അഭിമുഖങ്ങൾക്കായി ഇവരുടെ പിന്നാലെ ഓടുന്നു. പാശ്ചാത്യ നാടുകളിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ഉയർന്ന് പുതിയ നൂറ്റാണ്ടിന്റെ പ്രാരംഭത്തിന് മുമ്പുതന്നെ തകർന്നടിഞ്ഞവയാണ് രോഗാതുരമായ ഈ ലൈംഗിക വീക്ഷണങ്ങളെന്ന വസ്തുത ഇത്തരക്കാർക്ക് അറിയില്ലെന്നതാണ് യാഥാർഥ്യം (അറിയില്ലെന്ന് നടിക്കുന്നതല്ല!). ■

***SHIPS WITHOUT A SHORE***

-Anne Pierce

Transaction Publishers 2008, p 265